## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ: 228** **19.03.2015-ൽ മറുപടിക്ക്**

### ഇ-ഹെൽത്ത് പദ്ധതി

**ചോദ്യം**

ശ്രീ. പി.എ. മാധവൻ
" ഡൊമിനിക് പ്രസന്റേഷൻ
" വർക്കല കഹാർ
" വി.ഡി. സതീശൻ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>(1) വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>(2) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br>(3) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>(4) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |
| (ബി) | ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ; ഇല്ലെങ്കിൽ പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. അഞ്ച് വർഷക്കാലയളവാണ് പദ്ധതിയുടേത്. ആറ് മാസത്തിനകം തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത ആരോഗ്യ കേന്ദ്രങ്ങളിൽ പൈലറ്റ് |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുവാനും രണ്ടു വർഷത്തിനകം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; പദ്ധതി വഴി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രവിഹിതമായി 86.96 കോടി രൂപയും സംസ്ഥാന വിഹിതം 9.43 കോടി രൂപയുമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നു; വിശദമാക്കുമോ? | (ഡി) | ഈ പദ്ധതിയിൽ 7 ജീവനക്കാർ ജോലി ചെയ്യുവരുന്നു. കൂടാതെ ആരോഗ്യവകുപ്പിൽ നിന്ന് 3 ജീവനക്കാരെ റീ ഡിപ്ലോയ് ചെയ്ത് അവരുടെ സേവനവും ഒരു ചീഫ് കൺസൾട്ടന്റിന്റെ സേവനവും ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ